പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 607

29-07-2015 - ൽ മറുപടിയ്ക്ക്

**ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ദാസൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.കെ.കെ.നാരായണൻ : | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| (എ) | ഡോ.മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ; | (എ) | നടത്തിയിട്ടുണ്ട്. |
| ബി) | ഏതെല്ലാം ശിപാർശകളാണ് മത്സ്യത്തൊഴിലാളികളെ ആ മേഖലയിൽ നിന്ന് അകറ്റാൻ ഇടയാക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | ഇന്ത്യാ ഗവൺമെന്റ് ഡോ.ബി.മീനാകുമാരി ചെയർമാനായി 2013 ആഗസ്റ്റ് മാസം 1-ാം തീയതി നിയമിച്ച വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളിൽ കേരളത്തിലെ മത്സ്യത്തൊഴിലാളി കളെ പ്രതികൂലമായി ബാധിക്കുന്ന ശുപാർശകൾ.<br>1) കടലിലെ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം ഒരു Buffer Zone ആയി നിലനിർത്തണമെന്ന ശുപാർശ.<br>കടലിലെ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ബോട്ടുകളും വളരെ കൂടുതൽ ആയി മത്സ്യബന്ധനം നടത്തുന്ന പ്രദേശമാണിത്. ഇവിടെയുള്ള വിഭവങ്ങളെ ഭാവിയിൽ കൂടുതൽ ആയി ചൂഷണം ചെയ്യുന്നതിനുദ്ദേശിച്ചു കൊണ്ട് ഈ പ്രദേശം ഒരു Buffer Zone ആയി നിലനിർത്തുന്നത് വിദേശ ട്രോളറുകൾക്ക് ഗുണകരമാകാൻ സാധ്യതയുണ്ട്. ഇപ്പോൾ തന്നെ LOP (letter of permit) വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം ക്രമാതീതമായി നടത്തുന്നതു കാരണം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കു മത്സ്യം ലഭിക്കുന്നത് കുറഞ്ഞു വരുകയാണ്. ആയതിനാൽ ഈ ശുപാർശ കേരള സംസ്ഥാനത്തെ സംബന്ധിച്ച് അംഗീകരിക്കാൻ കഴിയുന്നതല്ല.<br>2) നിലവിലുള്ള 908 ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾക്കു പുറമെ 240 tuna longliners ഉം 15 purse sciners ഉം 15 squid Jigger |

| | | | |
|---|---|---|---|
| | | | ഉം ഉൾപ്പെടെ 270 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾക്കു കൂടി എക്സ്-ക്ലൂസീവ് എക്കണോമിക് സോണിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള അനുവാദം നൽകി ആകെ 1178 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ അനുവദിയ്ക്കണമെന്ന ശുപാർശ ഇപ്പോൾ തന്നെ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന "Catch" വളരെ കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ മത്സ്യത്തൊഴിലാളികളെയും ബോട്ടുകാരെയും പ്രതികൂലമായി ബാധിക്കുന്നതാണ്. ആയതിനാൽ പ്രസ്തുത ശുപാർശ അംഗീകരിക്കാൻ കഴിയുകയില്ല.<br>3) വിദേശ മത്സ്യബന്ധനയാനങ്ങൾ aquire ചെയ്യുന്നതിനുള്ള ശുപാർശയും കൂട്ടു പങ്കാളിത്തം / പാട്ടവ്യവസ്ഥയിൽ (Joint ventures / leasing) (51% ഇന്ത്യൻ ഇക്വിറ്റിയിൽ കുറയാത്ത joint venture) സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യാനുള്ള ശുപാർശയും ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നതിന് പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശുപാർശ അംഗീകരിക്കാൻ കഴിയുകയില്ല.<br>4) വിദേശ മത്സ്യത്തൊഴിലാളികളുടെ സെക്യൂരിറ്റി ക്ലിയറൻസും മറ്റു കാര്യങ്ങളും ഉദാരവൽക്കരിക്കുന്നതിനുള്ള ശുപാർശയും മറ്റും തീരസുരക്ഷയ്ക്ക് ഭീഷണിയാകും. ആയതിനാൽ കേരളത്തെ സംബന്ധിച്ച് അംഗീകരിക്കാൻ കഴിയുകയില്ല.<br>5) LOP (letter of permit ) vessel ന് നിരോധിത മേഖലയായി പ്രഖ്യാപിച്ചിരുന്ന കടലിലെ ചില പ്രദേശത്തെ നിരോധനം നീക്കാനുള്ള ശുപാർശ കടൽ മത്സ്യ സമ്പത്ത് കുറയ്ക്കുന്നതിന് ഇടയാക്കുകയും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും എന്നതിനാൽ പ്രസ്തുത ശുപാർശ അംഗീകരിക്കാൻ കഴിയുകയില്ല.<br>6) കേന്ദ്രസർക്കാർ ഓരോ വർഷവും നടപ്പിലാക്കുന്ന ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ ട്രോളിംഗ് നിരോധനം (മൺസൂൺകാലം) പുനരവലോകനം ചെയ്യുന്നതിനുള്ള ശുപാർശ വഴി ട്രോളിംഗ് നീരോധനകാലം എടുത്തുകളയുകയാണെങ്കിൽ മത്സ്യസമ്പത്ത് ശോഷിക്കുന്നതിനിടയാക്കുന്നതായതിനാൽ അംഗീകരിക്കാൻ കഴിയുകയില്ല.<br>7) വിവിധ ഏജൻസികൾ വഴി ഏർപ്പെടുത്തിയിട്ടുള്ള ആഴക്കടൽ മത്സ്യബന്ധനത്തി നായുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ശുപാർശ ഇപ്പോൾ നിലനിൽക്കുന്ന സന്തുലിതമായ അവസ്ഥയെ തകിടം മറിക്കുന്നതിന് ഇടയാകുമെന്നതിനാൽ അംഗീകരിക്കാൻ കഴിയുകയില്ല. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത കമ്മിറ്റി റിപ്പോർട്ടു തള്ളിക്കളയുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത് എപ്പോഴാണ്; അനുകൂലമായ എന്തെങ്കിലും തീരുമാനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | സി) | 18.03.2015 ന് കേന്ദ്ര കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ന്യൂഡൽഹിയിൽ വച്ച് നടന്ന മീറ്റിംഗിൽ മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നതിനാൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ തള്ളിക്കളയണമെന്ന് വളരെ ശക്തമായി കേന്ദ്രസർക്കാരിനോട് വകുപ്പ് മന്ത്രി ആവശ്യപ്പെട്ടിട്ടു ണ്ട്. മീറ്റിംഗിന് മുമ്പ് തന്നെ കേന്ദ്ര സർക്കാരിനോട് കേരളത്തിന്റെ അഭിപ്രായം അറിയിച്ചിട്ടു ണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ട് തള്ളിക്കളയുന്നത് സംബന്ധിച്ചുള്ള ഔദ്യോഗികമായ അറിയിപ്പുകൾ ഒന്നും തന്നെ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**